## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.470 1/12/2015-ൽ മറുപടിക്ക്

### കുറവിലങ്ങാട് കെ.എസ്.ഇ.ബി. ഓഫീസ് നിർമ്മാണം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കുറവിലങ്ങാട് വൈദ്യുതി ഭവൻ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; ഈ പദ്ധതി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി. അനുമതി നൽകിയിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;<br><br>(ബി) കുറവിലങ്ങാട് 66 കെ.വി സബ് സ്റ്റേഷൻ കോമ്പൗണ്ടിൽ വൈദ്യുതി ഭവൻ നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ടോ; ഇത് എന്നേക്ക് നടപ്പിലാക്കും എന്നറിയിക്കാമോ; ഇതു സംബന്ധിച്ച് ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണ് എന്ന് വ്യക്തമാക്കുമോ ? | **(എ) യും (ബി) യും**<br>കുറവിലങ്ങാട് 66 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് കുറവിലങ്ങാട് സബ്ഡിവിഷൻ/ സെക്ഷൻ എന്നീ ഓഫീസുകൾക്കായി കെട്ടിടം നിർമ്മിക്കുന്നതിന് വൈദ്യുതി ബോർഡ് ലിമിറ്റഡ് തീരുമാനമെടുത്തിട്ടുണ്ട്. നാഷണൽ ഗെയിംസ് വില്ലേജിൽ നിന്നും കെ.എസ്.ഇ.ബി.എൽ-ന് അനുവദിച്ചിട്ടുള്ള പ്രീ ഫാബ്രിക്കേറ്റഡ് യൂണിറ്റുകൾ ഉപയോഗിച്ച് പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. അധികം കാലതാമസമില്ലാതെ തന്നെ ടി കെട്ടിടം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യുന്നത് വൈദ്യുതി ബോർഡ് വിതരണവും സുരക്ഷയും വിഭാഗം ഡയറക്ടറുടെ ഓഫിസിലാണ്. |

സെക്ഷൻ ഓഫീസർ